# സാമൂഹ്യ പ്രത്യാഘാത മാനേജ്മന്റ് പ്ലാൻ

## 19.02.2024




**കണ്ണൂർ ജില്ല കളക്ടർ ചുമതലപ്പെടുത്തിയ**

**അർത്ഥനാധികാരി**

**എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്-പി.എം.യു, കണ്ണൂർ**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്**

**ഭാരത മാത കോളേജ്, തൃക്കാക്കര, കൊച്ചി-21**

Email: bmssw@bharatamatacollege.in, 9496362592

www.bmssw.in

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ

## പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് റോഡ് വികസനം (തലശ്ശേരി-കൊടുവള്ളി- മമ്പറം- അഞ്ചരക്കണ്ടി- മട്ടന്നൂർ എയർപോർട്ട് റോഡ്) 39.93 ഹെക്ടർ ഭൂമി കണ്ണൂർ എയർപോർട്ട് റോഡ് വികസന പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപെടുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ ആണ് ഇവിടെ വിശദീകരിക്കുന്നത്. ഈ പദ്ധതിക്കായി കീഴല്ലൂർ, പടുവിലായി, പാതിരിയാട്, എരഞ്ഞോളി, പിണറായി, തലശ്ശേരി എന്നീ വില്ലേജുകളിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ വരുന്ന പഴശ്ശിയിൽ നിന്നുമാണ് ഭൂമി ഏറ്റെടുക്കേണ്ടി വരുന്നത്. വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുവകകളെ ഭൂമി ഏറ്റെടുക്കാൻ മൊത്തമായോ ഭാഗികമായോ ബാധിക്കും. ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- 1100 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടുന്നത്.
- ജനങ്ങളുടെ 15 (പള്ളികൾ, റേഷൻ കടകൾ, ബാങ്ക്, വായനശാലകൾ, സ്കൂളുകൾ, അംഗൻവാടികൾ) പൊതു ഉപയോഗ വസ്തുവകകളെയാണ് ഈ പദ്ധതി ബാധിക്കുന്നത്.
- 140 ഭൂവുടമകളുടെ കച്ചവടം ഉൾപ്പടെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കടമുറികൾ/കെട്ടിടങ്ങൾ ഭാഗികമായോ/പൂർണ്ണമായോ ബാധിക്കപ്പെടും.
- 200 ഭൂവുടമകളുടെ വീട് ഭാഗികമായോ/പൂർണ്ണമായോ നഷ്ടപ്പെടും.
- 177 വ്യക്തികളുടെ മതിലും, 116 വ്യക്തികളുടെ ഗേറ്റും നഷ്ടമാക്കുന്നുണ്ട്.
- 101 സെപ്റ്റിക് ടാങ്കും, 11 കാർപോർച്ചും, 61 ടോയ്ലറ്റും, 69 കിണറും, 10 കുഴൽക്കിണറും, 14 വാട്ടർ കണക്ഷനും ഈ പദ്ധതി മൂലം ബാധിക്കപ്പെടുന്നുണ്ട്.
- ഈ പദ്ധതി ഭാഗത്തു നിന്ന് ഏകദേശം 4441 മരങ്ങൾ മുറിച്ചു മാറ്റപ്പെടുന്നുണ്ട്.

## 7.2 ആഘാതം ഒഴിവാക്കാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരാധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടാനുബന്ധിച്ചു കാലകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരദിവാസ പുനസ്ഥാപന പാക്കേജും നൽകുക. കൂടാതെ താഴെ പറയുന്ന നിർദേശങ്ങളും പ്രത്യാഘാത ലഘൂകരണത്തിനായി പരിഗണിക്കുക.

1. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആകാത്ത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

2. പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിക്കുക, പദ്ധതി പ്രദേശത്ത് നിന്ന് മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.

3. പദ്ധതി പ്രദേശത്തെ തങ്ങളുടെ താമസത്തിനും ഉപജീവനത്തിനുമായി ആശ്രയിച്ചിരുന്ന ഭൂവുടമകളായ കുടുംബങ്ങൾക്ക് അവരുടെ ഉപജീവന്മാർഗം നഷ്ടമാകാത്ത വിധത്തിൽ പുനരാധിവാസ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി പ്രദേശത്തെ ബിസിനസ് സ്ഥാപനങ്ങൾ പദ്ധതിബാധിതമാകുന്ന ഉടമകൾക്ക് സമയധിഷ്ഠിതമായി നഷ്ടപരിഹാംരവും പുനസ്ഥാപനവും നൽകി ഇവരുടെ ഉപജീവനം നിലനിർത്തേണ്ടതാണ്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ 3 വർഷമോ അതിലധികമോ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാടകക്കാരെയും തൊഴിലാളികളേയും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിനു പരിഗണിക്കേണ്ടതാണ്.

5. പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന്മാർഗ്ഗത്തിനോ തടസം

നേരിട്ടാൽ, നിജസ്ഥിതി പരിശോദിച്ചു ആവശ്യമെങ്കിൽ പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന സ്ഥലം, നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പദ്ധതി ബാധിതമാകുന്ന നിർമ്മിതികളുടെ പുനസ്ഥാപനത്തിനോ, പുതുതായി നിർമ്മാണം നടത്തുന്നതിനോ മതിയാകാതെ വരുന്ന സാഹചര്യത്തിൽ, പ്രസ്തുത വസ്തുക്കളുടെ നിജസ്ഥിതി പരിശോദിച്ചു കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സാധ്യമായ ഇളവുകൾ നൽകുന്നതിനു വേണ്ടപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിഗണനക്കായി നിർദേശിക്കേണ്ടതാണ്.

7. പാർക്കിംഗ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപരങ്ങളുടെ സ്വഭാവമനുസരിച്ചു, നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള വീടുകലേക്കും, കടകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

9. പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

11. പദ്ധതിക്കുവേണ്ടി മാറ്റേണ്ടി വരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക.

12. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുമുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിന് മുൻപേതന്നെ അസൂത്രണം ചെയ്യണം.

## 7.6 ഓരോ നടപടികളും അതിനുവേണ്ടി സമയക്രമവും ഉൾകൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരാധിവാസത്തിനും പുനഃസ്ഥാപനത്തിനും അവകാശ നിയമം, 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാരിന്റെ റവന്യൂ (ബി) ഡിപ്പാർട്മെന്റ് 29/12/2017 ന് പുറപ്പെടുവിച്ച വിജ്ഞാപനം G.O (Ms) No. 448/2017/RD പ്രകാരം കേരള സംസ്ഥാനത്തു ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരാധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈകൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

### പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

| | | |
|---|---|---|
| ഭൂമി നഷ്ടപ്പെടൽ | RFCILARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സർക്കാരിൻറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും |

| | | |
|---|---|---|
| കെട്ടിടങ്ങൾ ഉൾപ്പെടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ട്ടം | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, act,2013 പ്രകാരമുള്ള സമയക്രമം. |
| ഉപജീവന മാർഗം നഷ്ടമാകൽ | 29/12/2017 ലെ ഗവണ്മെന്റ് പോളിസി പ്രകാരം നഷ്ടപരിഹാരം /പുനഃസ്ഥാപനം നൽകുക | |
| കുടുംബങ്ങളെ മാറ്റിപാർപ്പിക്കൽ | 29/12/2017 ലെ ഗവണ്മെന്റ് പോളിസി പ്രകാരം നഷ്ടപരിഹാരം /പുനഃസ്ഥാപനം നൽകുക | കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും<br><br>പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, act,2013 പ്രകാരമുള്ള സമയക്രമം. |
| പ്രവേശനമാർഗ്ഗം തടസ്സമാകൽ | പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക. | നിർമ്മാണ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |

| | | |
|---|---|---|
| ഗതാഗതം തടസപ്പെടലും നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണ പ്രശ്നങ്ങളും | പദ്ധതി നിർവ്വഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിൻറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതു മൂലം വരുമാനം നഷ്ടമാകൽ | ഫലദായക വൃക്ഷങ്ങൾക്ക് RFCILARR 1 2013 ൻറ വെളിച്ചത്തിൽ കേരള സംസ്ഥാന സർക്കാരിൻറ പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തി നും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള RFCTLARR, ആക്ട്, 2013<br><br>പ്രകാരമുള്ള സമയക്രമം |
| ഉപയോഗരഹിതമായ വസ്തുക്കളുടെയോ ഭുമിയുടെയോ ഏറ്റെടുക്കൽ | ആഘാത ബാധിതരിൽ നിന്നുമുള്ള അപേക്ഷകൾ പ്രകാരം വസ്തുവകകൾ ഏറ്റെടുക്കുക | ഭൂമി ഏറ്റെടുപ്പിന്റെ വേളയിൽ |

| | | |
|---|---|---|
| കുടിവെള്ള പൈപ് ,വൈദുത ലൈൻ വൈദ്യത പോസ്റ്റ് മുതലായവ മാറ്റി സ്ഥാപിക്കൽ | പുനഃസ്ഥാപിക്കാനുള്ള ക്രമീകരണങ്ങൾ കൈക്കൊള്ളുക | നിർമ്മാണത്തിൻറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| ആഘാത ബാധിത കുടുംബങ്ങളുടെ യൂട്ടിലിറ്റിസിന് ഉണ്ടാകുന്ന കേടുപാടുകൾ | ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കേടുപാടുകൾ നികത്തുകയോ പദ്ധതി ബാധിത കുടുംബങ്ങളെ ഉൾപ്പെടുത്തിക്കണ്ട് പകരം ക്രമീകരണങ്ങൾ സ്വീകരിക്കുകയോ ചെയ്യുക | നിർമ്മാണത്തിൻറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |